**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** | **09-12-2022 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഏർപ്പെടുത്തിയ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഏർപ്പെടുത്തിയ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ, അടാട്ട്, മുളകുന്നത്തുകാവ്, കോലഴി, കൈപ്പറമ്പ്, തോളൂർ എന്നീ പഞ്ചായത്തുകളിലെ 95 വാർഡുകളിലായി വാർഡ് തല സമിതികളുടെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ ഒരുക്കി സൗജന്യമായി പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | 2022-23 വർഷത്തിൽ വിപണി വികസന പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങൾ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്; ഇനി ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | 2022-23 വർഷത്തിൽ 4 ദിവസം (സെപ്തംബർ 4 മുതൽ 7 വരെ) നീണ്ടുനിന്ന ഓണവിപണി നടപ്പിലാക്കി. പഴം, പച്ചക്കറി എന്നിവ കർഷകരിൽ നിന്നും ഏറ്റെടുത്ത് വിപണനം നടത്തുന്നതിനായി ബ്ലോക്കിൽ ഒന്നു വീതം കർഷക മിത്രയെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ